(ഡി) ലഭ്യമായ കണക്കുകൾ പ്രകാരം വിവിധ നഗരസഭകളിലായി 795 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 317 എണ്ണം ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർതലത്തിൽ ലഭിച്ച 3 അപേക്ഷകളിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

പെരിന്തൽമണ്ണയിൽ പുതിയ ബസ് സ്റ്റാന്റ്

103 (3306) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണയിൽ നിലവിൽ എത്ര ബസ് സ്റ്റാന്റുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ ബസ് സ്റ്റാന്റ് നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കി നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പദ്ധതി വിഹിതം ഏത് ഫണ്ടിൽ നിന്നാണെന്നും അതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 3 എണ്ണം

(ബി-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ബഹുനില കെട്ടിടങ്ങളുടെ സുരക്ഷാസംവിധാനം

104 (3307) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുനിലകെട്ടിടങ്ങൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള അഗ്നിശമന സംവിധാനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം സാഹചര്യങ്ങളിലാണ് പ്രസ്തുത കേന്ദ്ര ചട്ടങ്ങൾ ബാധകമാക്കേണ്ടതില്ലെന്ന് തീരുമാനമെടുക്കുന്നതെന്നും ഏതെല്ലാം സാഹചര്യങ്ങളിൽ ഇപ്രകാരം കേന്ദ്ര ചട്ടങ്ങൾ ഒഴിവാക്കി തീരുമാനമെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ദേശീയ ബിൽഡിംഗ് കോഡ് പ്രകാരമുള്ള കേന്ദ്ര ചട്ടങ്ങൾ ബഹുനില കെട്ടിടങ്ങളുടെ സുരക്ഷാസംവിധാനത്തിന് നിർബന്ധമില്ലെന്നും സംസ്ഥാനത്ത് മുനിസിപ്പൽ ചട്ടം മാത്രം ബാധകമാക്കിയാൽ മതിയെന്നുമുള്ള നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അനുമതി ലഭിക്കുവാനുള്ള 77 വൻകിട കെട്ടിടങ്ങൾ സംബന്ധിച്ചു മാത്രമാണോ പ്രസ്തുത തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) എല്ലാ വൻകിട ബഹുനില കെട്ടിടങ്ങളുടെയും സുരക്ഷാ സംവിധാനങ്ങളിൽ കേന്ദ്ര ചട്ടത്തിന് പകരം മുനിസിപ്പൽ ചട്ടമാണ് ബാധകമെന്ന നയമാണോ തുടരുകയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹുനില കെട്ടിടങ്ങളിലെ അഗ്നിശമന സംവിധാനങ്ങളെ സംബന്ധിച്ച് നാഷണൽ ബിൽഡിംഗ് കോഡിലെ Part 4 Fire & Life Safety-യിൽ പ്രതിപാദിക്കുന്നുണ്ട്.

(ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കേന്ദ്ര ചട്ടങ്ങൾ നിലവിലില്ല.

(സി) ഉദ്ദേശ്യമില്ല.

(ഡി&ഇ) ബാധകമല്ല.

മുനിസിപ്പാലിറ്റികളിൽ പൊതുശ്മശാനങ്ങൾ

105 (3308) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഏതെല്ലാം മുനിസിപ്പാലിറ്റികളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

47 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലുമായി 52 പൊതുശ്മശാനങ്ങൾ നിലവിലുണ്ട്. പൊതുശ്മശാനം നിലവിലുള്ള നഗരസഭകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly